എസ്.എ.ടി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

161 (3351) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ പ്രതിദിനം ശരാശരി എത്ര പ്രസവം നടക്കാറുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഒരു സമയം എത്ര ഗർഭിണികളെ കിടത്താനുള്ള സൗകര്യം ഇവിടെ ഉണ്ട് എന്ന് അറിയിക്കുമോ ;

(സി) എത്ര ഗർഭിണികളെ ഒരു സമയം ഇവിടെ അഡ്മിറ്റ് ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടത്തുമോ ;

(ഡി) ആശുപത്രിയിലെ സൗകര്യങ്ങളും രോഗികളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പുതിയ കെട്ടിടമുണ്ടാക്കി കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 45

(ബി) 20 ഗർഭിണികളെ വീതം കിടത്താനുള്ള സൗകര്യം ഫസ്റ്റ് സ്റ്റേജിലും സെക്കന്റ് സ്റ്റേജിലും ഉണ്ട്. 125 കിടക്കകൾ ഗർഭിണികൾക്ക് മാത്രമായുണ്ട്.

(സി) 300 ഗർഭിണികളെ ഒരു സമയം അഡ്മിറ്റ് ചെയ്യാറുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇതിലേക്കായി മൂന്ന് പുതിയ വാർഡുകൾ കൂടി വേണ്ടി വരും. ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി

162 (3352) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂർക്കഞ്ചേരി, പാറളം, വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) കെട്ടിടം പണി പൂർത്തിയായിട്ടും രോഗികളെ കിടത്തി ചികിത്സിക്കാൻ പാറളം പി. എച്ച്. സി ക്ക് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പാറളം പി. എച്ച്. സി.യിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly